**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2199** **03-03-2025 - ൽ മറുപടിയ്ക്ക്**

**എഫ്.സി.ഐ.യിലേയ്ക്ക് അരി കൈമാറിയ ഇനത്തിൽ ലഭിക്കേണ്ട തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് അരിയാക്കി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലേയ്ക്ക് കൈമാറിയ ഇനത്തിൽ കേന്ദ്രത്തിൽനിന്നും ഈ സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട തുക എത്രയാണ്; ഇതിൽ എത്ര തുക ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് അരിയാക്കി കൈമാറിയ ഇനത്തിൽ ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും സപ്ലൈകോയ്ക്ക് ലഭ്യമാകുവാനുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | കേന്ദ്രം നെല്ലിന് താങ്ങുവില നൽകുന്നതിന് സംസ്ഥാന സർക്കാർ യഥാസമയം കണക്ക് ലഭ്യമാക്കിയിട്ടുണ്ടോ; മുൻ വർഷങ്ങളിൽ സംസ്ഥാനം നൽകിയ കണക്കിലെ അവ്യക്തതമൂലം താങ്ങുവില നൽകുന്നതിന് കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നെല്ലിന്റെ താങ്ങുവില ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് കണക്കുകൾ യഥാസമയം സമർപ്പിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം, ഇതുവരെ 2025 ജനുവരി മുതൽ 2025 മാർച്ച് വരെയുള്ള അഡ്വാൻസ് സബ്സിഡി ബില്ല്, 2024 ഒക്ടോബർ മുതൽ 2024 ഡിസംബർ വരെയുള്ള പ്രൊവിഷണൽ ബില്ല് എന്നിവ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലും യഥാസമയം സബ്സിഡി ബില്ലുകൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Financial Year | Amount Claimed | Amount Sanctioned | Pending Amount |
|---|---|---|---|
| 2024-25 | 936.47 Cr | 605.62 Cr | 330.85 Cr |
| 2024-25 Q4 Advance Received | | 274.31 Cr | |
| Net Pending Amount | | | 56.54 Cr<br>(330.85 - 274.31) |